**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 652** **11-06-2024 - ൽ മറുപടിയ്ക്ക്**

**വ്യാവസായിക മാലിന്യങ്ങൾ ജലാശയങ്ങളിലേക്ക് ഒഴുക്കി വിടുന്നത് തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. എ. കെ. എം. അഷ്റഫ്** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങളിൽ നിന്നും മാലിന്യങ്ങൾ ജലാശയങ്ങളിലേക്ക് ഒഴുക്കി വിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | വ്യവസായ ശാലകളിൽ മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ സ്ഥാപിച്ചിട്ടുണ്ടെന്ന് മലിനീകരണ നിയന്ത്രണ ബോർഡ് ഉറപ്പ് വരുത്തി നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് പ്രവർത്തനാനുമതി നൽകുന്നത്. വ്യവസായ സ്ഥാപനങ്ങൾ മാലിന്യങ്ങൾ തുടർച്ചയായി ജലാശയങ്ങളിലേക്ക് ഒഴുക്കി വിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | പെരിയാറിന്റെ തീരപ്രദേശങ്ങളിലെ വ്യവസായ സ്ഥാപനങ്ങളിൽ നിന്നും മാലിന്യങ്ങൾ നദിയിലേക്ക് ഒഴുക്കിയതുമൂലം മത്സ്യങ്ങൾ ചാകുന്നതിൽ ഉത്തരവാദികളായ സ്ഥാപനങ്ങൾക്കെതിരേ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | 5 വ്യവസായശാലകൾക്കാണ് പെരിയാർ നദിയിലേക്ക് treated effluent അനുവദിച്ചിട്ടുള്ളത്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ പരിശോധനയിൽ ടി മേഖലയിലെ ഈ 5 വ്യവസായശാലകളിൽ നിന്നും അനധികൃതമായോ സംസ്കരിക്കാതെയോ മലിനജലം പുറംതള്ളുന്നതായി കണ്ടെത്താൻ സാധിച്ചിട്ടില്ലാത്തതാണ്. എന്നാൽ അലയൻസ് മറൈൻ പ്രൊഡക്ട്സ് എന്ന Chicken waste rendering unit-ൽ നിന്ന് മലിനജലം പുറത്തേക്ക് ഒഴുക്കിയതിന്റെ ലക്ഷണങ്ങൾ കാണാൻ സാധിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ടി കമ്പനിക്ക് മലിനീകരണ നിയന്ത്രണ ബോർഡ് 22.05.2024 ൽ closure order നൽകി. ഏലൂർ, എടയാർ ഭാഗത്തുള്ള വ്യവസായശാലകളിൽ വിശദമായ പരിശോധന നടന്നുവരുന്നു. ഇതു സംബന്ധിച്ച് കളക്ടർ നൽകിയ റിപ്പോർട്ട് സർക്കാർ പരിഗണനയിലാണ്. |
| (സി) | വ്യവസായ സ്ഥാപനങ്ങളിൽ നിന്നും മാലിന്യങ്ങൾ നദികളിലേക്ക് ഒഴുക്കി വിടുന്നതുമൂലം ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇവ തടയുന്നതിന് | (സി) | നദികളിലെ ജലം കുടിവെള്ളത്തിനായി ഉപയോഗിക്കുന്നതിനാൽ വ്യവസായ സ്ഥാപനങ്ങളിൽ നിന്നും മാലിന്യങ്ങൾ നദികളിലേക്ക് ഒഴുക്കി വിടുന്നതുമൂലം ഉണ്ടാകുന്ന ജലമലിനീകരണം പൊതുജനങ്ങളുടെ ആരോഗ്യത്തെ വളരെ സാരമായി |

| | | | |
|---|---|---|---|
| | വ്യവസായ വകുപ്പ് മുഖേനെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | | ബാധിക്കുവാൻ ഇടയാകുന്നതാണ്. കൂടാതെ ജലാശയത്തെ ആശ്രയിക്കുന്ന ജീവജാലങ്ങളിൽ അസുഖമോ മരണമോ ഉണ്ടാകും. ഇത്തരം പ്രവർത്തികളിൽ നടപടികൾ എടുക്കുന്നതിനുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും മലിനീകരണ നിയന്ത്രണ ബോർഡിലുമാണ് നിക്ഷിപ്തമായിരിക്കുന്നത്. സാധാരണയായി ഇത്തരത്തിൽ പരാതി ലഭിക്കുന്ന സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവയുടെ ശ്രദ്ധയിൽപെടുത്തികൊണ്ട് തുടർനിയമനടപടികൾ സ്വീകരിക്കുന്നതിന് ജില്ലാവ്യവസായ കേന്ദ്രങ്ങൾ നടപടി സ്വീകരിക്കാറുണ്ട്.<br><br>ആലപ്പുഴ അരൂർ വ്യവസായ പ്രദേശം (DA) കേന്ദ്രീകരിച്ച് MSE-CDPപദ്ധതിയിൽ പൊതുവായ ഒരു ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരികയാണ്.<br><br>കൂടാതെ അരൂർ വ്യവസായ എസ്റ്റേറ്റിന് പുറത്ത് സമുദ്രോല്പന്ന സംസ്കരണ യൂണിറ്റുകൾക്കും, പീലിംങ്ങ് ഷെഡ്ഡുകൾക്കും വേണ്ടിയുള്ള 16 കോടി രൂപ എസ്റ്റിമേറ്റ് വരുന്ന പൊതുവായ ഒരു ട്രീറ്റ്മെന്റ് പ്ലാന്റ് ചന്തിരൂർ പ്രദേശം കേന്ദ്രീകരിച്ച് സ്ഥാപിക്കുന്നതിനുള്ള പ്രാഥമിക നടപടികളും നടന്നു വരികയാണ്. ഇതിനായി ജില്ലാ കളക്ടർ മാനേജിംഗ് ഡയറക്ടറായിട്ടുള്ള ACEPT Pvt. Ltd. Company യും രൂപീകരിച്ചിട്ടുണ്ട്.<br><br>എല്ലാ വ്യവസായ സ്ഥാപനങ്ങളും മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയോടെയാണ് പ്രവർത്തിക്കേണ്ടത്. വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കുന്ന സംരംഭക സഹായ പദ്ധതി (ESS) മുഖേന ബോർഡ് നിഷ്കർഷിക്കുന്ന പൊല്യൂഷൻ കൺട്രോൾ ഉപകരണങ്ങൾ സ്ഥാപിക്കുന്ന സംരംഭങ്ങൾക്ക് സബ്സിഡി നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ